# പ്രതിജ്ഞ

എച്ച്ഐവി അണുബാധ ഭൂമുഖത്തു നിന്നു തുടച്ചു മാറ്റേണ്ടത് മാനവരാശിയുടെ നിലനിൽപ്പിന് അനിവാര്യമാണെന്ന് ഞാൻ മനസിലാക്കുന്നു. എച്ച്ഐവി അണുബാധ പിടിപെടാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുമെന്നും ആരോഗ്യകരമായ ജീവിതത്തിന് ആവശ്യമായ ജീവിതശൈലി പിന്തുടരുമെന്നും ഞാൻ പ്രതിജ്ഞയെടുക്കുന്നു. എച്ച്ഐവി അണുബാധിതരെ സാധാരണ ക്കാരെ പോലെ തുല്യനിലയിൽ പരിഗണിക്കുമെന്നും അവർക്ക് ആവശ്യമായ പിന്തുണയും സഹായവും ചെയ്തു കൊടുക്കാൻ ശ്രമിക്കുമെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.